കേരളത്തിലെ അഞ്ചു പഞ്ചായത്തുകളിൽ നടപ്പിലാക്കി. 2002 ജനുവരി മുതൽ 2003 ഡിസംബർ വരെയുള്ള കാലയളവിൽ റൂറൽ ഹൗസിംഗ് പ്രോഗ്രാം എന്ന പദ്ധതിയുടെ ഒന്നാം ഘട്ടം 137.92 ലക്ഷം രൂപ ചെലവിൽ കേരളത്തിലെ 14 പഞ്ചായത്തുകളിൽ പൂർത്തിയാക്കി. ഇതിന്റെ രണ്ടാം ഘട്ടം ജനുവരി 2004 മുതൽ തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ചെലവിലേയ്ക്കായി 137.92 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ മൂന്നും നാലും ഘട്ടങ്ങൾ വരുന്ന വർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ധൻ ആന്റ് കോ ചാർട്ടേർഡ് അക്കൗണ്ടന്റ് സിനെയാണ് ഇതിന്റെ ഓഡിറ്റ് ചുമതല ഏൽപ്പിച്ചിരിക്കുന്നത്. ലഭ്യമായ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) ഈ പദ്ധതിയുടെ ഭാഗമായി 2000-ൽ കുഞ്ഞിമംഗലം സെന്റർ ടി പഞ്ചായത്തിന്റെ അനുമതിയോടുകൂടി ഒരു വാടക കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. എന്നാൽ 2001-ൽ പദ്ധതി നടത്തിപ്പിലേയ്ക്ക് വേണ്ടിയുള്ള സ്ഥലം പഞ്ചായത്ത് ലഭ്യമാക്കാത്തതിനാൽ ടി കേന്ദ്രത്തിന്റെ പ്രവർത്തനം നിർത്തിവച്ചു.

(ഡി) പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിയ്ക്കാവശ്യമായ സ്ഥലവും സൗകര്യങ്ങളും പഞ്ചായത്ത് ലഭ്യമാക്കിയാൽ ഈ സെന്റർ ഉടനെ തന്നെ തുറന്ന് പ്രവർത്തിപ്പിക്കാവുന്നതാണ്.

സർക്കാർ ഭൂമിയുടെ പാട്ടത്തുക ഭേദഗതി ചെയ്യുന്ന തീരുമാനം

60 [676] ശ്രീ. ടി. പി. രാമകൃഷ്ണൻ:
„ കെ. കെ. ജയചന്ദ്രൻ:
„ വി. കെ. ചന്ദ്രൻ:
„ പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയുടെ പാട്ടത്തുക ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനമെടുക്കുന്നതിനു മുമ്പ് എന്തെങ്കിലും പഠനം നടത്തിയിരുന്നോ;

(ബി) പ്രസ്തുത പഠനം ഏതു രീതിയിലുള്ളതായിരുന്നുവെന്നും അതിന്റെ നിഗമനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പാട്ടക്കുടിശ്ശികയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ കുടിശ്ശികയ്ക്കു എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളത്;

(ഡി) കുടിശ്ശികയിൽ ഇളവുകൾ നൽകുന്നതുമൂലം സർക്കാരിന് ഉണ്ടാകുന്ന നഷ്ടം എത്ര;

(ഇ) വാർഷിക പാട്ടനിരക്ക് ഭേദഗതി ചെയ്യുന്നതുമൂലം സർക്കാരിന് ഒരു വർഷം എന്തു തുകയുടെ നഷ്ടം ഉണ്ടാകുമെന്നാണ് കണക്ക് കൂട്ടിയിരിക്കുന്നത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പാട്ടത്തുക കുറവുചെയ്യണമെന്ന് ആവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിരുന്നോ; എങ്കിൽ ആരിൽ നിന്നെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പാട്ടഭൂമി എത്ര യാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(എച്ച്) ഇവ ആരുടെയെല്ലാം കൈവശമാണെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് നൽകുമോ;

(ഐ) ടാറ്റാ, എ.വി.ടി. എന്നീ കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി യുടെ പാട്ടനിരക്ക് നിലവിൽ എത്രരൂപയാണ്. പുതുക്കിയ നിരക്ക് നിലവിൽ എത്ര രൂപ വീതമാണ്;

(ജെ) പാട്ട നിരക്കുകളെക്കുറിച്ചും കുടിശ്ശികയെക്കുറിച്ചും പഠനം നടത്തിയ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച് നിയമസഭാ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ ഏവ; ഇവയിൽ ഏതൊക്കെ നടത്തിയിട്ടുണ്ട്?

ഉത്തരം

(എ ആന്റ് ബി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമിയുടെ പാട്ടത്തുക 14-5-2004-ലെ ജി.ഒ. (പി) നം. 126/2004/റവ. പ്രകാരം പുതുക്കി നിശ്ചയി ച്ചിട്ടുണ്ട്. ഇതിലേക്കായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി ഇക്കാര്യം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

(സി) ഇല്ല.

(ഡി ആന്റ് ഇ) നഷ്ടം ഒന്നും ഉണ്ടായിട്ടില്ല. പ്രത്യുത ദുർവഹമായ കുടിശ്ശിക അടച്ചു തീർക്കുന്നതിനുള്ള ഇൻസെന്റീവ് പകർന്നു കൊടുക്കുകയും കുടിശ്ശിക വസൂലാക്കുന്നതിനുണ്ടായിരുന്ന ബുദ്ധിമുട്ട് പുതിയ ഉത്തരവിലൂടെ ദൂരീകരിക്കുകയും ചെയ്തതുമൂലം കുടിശ്ശിക പിരിവ് ഇനിമേൽ നടത്താൻ സാധിക്കുമെന്നുള്ളതാണ് ഈ ഉത്തരവിന്റെ പ്രത്യേകത. കൂടാതെ നിരക്കുകൾ ശാസ്ത്രീയമായി പരിഷ്ക്കരി ക്കുകയും അതുമൂലം കുടിശ്ശിക ഭാവിയിൽ ഉണ്ടാകാത്ത രീതിയിൽ പാട്ടത്തുക ഈടാക്കുവാൻ സഹായകവുമായ ഒരു ശ്രമമാണ് ഇപ്പോഴത്തെ ഉത്തരവിലൂടെ ചെയ്തിട്ടുള്ളത്. അതുകൊണ്ട് ആദ്യന്തിക ലാഭം മാത്രമാണ് ഈ ഉത്തരവുമൂലം ഉണ്ടാകുന്നത്.

(എഫ്) ലഭിച്ചിട്ടുണ്ട്.

1. കൊല്ലം ജില്ലയിൽ ആൾ കേരള ഡോക്യുമെന്ററി ഫൈറ്റേഴ്സ് അസോസിയേഷൻ, ചവറ, കരുനാഗപ്പള്ളി.

2. കോഴിക്കോട് ജില്ലയിൽ പി. കെ. കുഞ്ഞുകൃഷ്ണൻ മുതൽ പേർ.

3. വടകര വില്ലേജ് കൊയിലാണ്ടി താലൂക്കിൽ കെ. പി. സുധാകരൻ, കെ. പി. കുഞ്ഞിരാമൻ എന്നിവർ.

LIBRARY ARCHIVES Kerala Legislative Assembly

(ജി) *ജില്ല*		*വിസ്തീർണ്ണം*
തിരുവനന്തപുരം	..	577.4560
കൊല്ലം	..	185.0971
പത്തനംതിട്ട	..	201.6993
ആലപ്പുഴ	..	42.3060
ഇടുക്കി	..	198.9525
കോട്ടയം	..	77.3611
എറണാകുളം	..	218.9516
തൃശ്ശൂർ	..	225.1900
പാലക്കാട്	..	22.3313
മലപ്പുറം	..	18.3765
കോഴിക്കോട്	..	25.2226
വയനാട്	..	19.1392
കണ്ണൂർ	..	48.5829
കാസറഗോഡ്	..	16.0435
ആകെ	..	1876.7096 ഹെ.

(എച്ച്) പൂർണ്ണമായ വിവരം ലഭിച്ചിട്ടില്ല. വിവരം ശേഖരിച്ചുവരുന്നു.

(ഐ) ടാറ്റാ റ്റീ കമ്പനിക്കു മാത്രമേ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളൂ. നിലവിൽ ഏക്കറിന് 100 രൂപ നിരക്കിൽ ലാന്റ് ബോർഡ് അവാർഡ് പ്രകാരമാണ് നൽകിയിരിക്കുന്നത്. പാട്ടനിരക്ക് ഇപ്പോൾ ഭേദഗതി വരുത്തിയിട്ടുള്ളത് മുനിസിപ്പൽ കോർപ്പറേഷൻ മേഖലകളിലെ ഭൂമിക്കു മാത്രമാണ്.

(ജെ) പാട്ടക്കരാർ ലംഘിച്ച എല്ലാ കേസുകളിലും പാട്ടഭൂമി തിരിച്ചെടുക്കണമെന്നും പാട്ടനിരക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന നിരക്കിൽ ആക്കണമെന്നും, ഓരോ പത്ത് വർഷം കൂടുമ്പോഴും പാട്ട വ്യവസ്ഥ പുതുക്കണമെന്നുമാണ് ശുപാർശ. ആയത് ഗവൺമെന്റ് തലത്തിൽ പരിശോധിച്ചുവരുന്നു.

ലീഗൽ അസിസ്റ്റന്റ് നിയമനവും സീനിയോറിറ്റിയും

61 [677] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട എത്ര കേസുകൾ നിലവിലുണ്ടെന്നും അവയിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) ലീഗൽ അസിസ്റ്റന്റുമാരുടെ നിയമനവും സീനിയോറിറ്റിയും സംബന്ധിച്ച് പാലിക്കേണ്ട ചട്ടത്തെ സംബന്ധിച്ച് പി. ആന്റ് എ.ആർ.ഡി. വകുപ്പ് നൽകുന്ന ഉപദേശം പാലിക്കാൻ നിയമവകുപ്പിന് ബാദ്ധ്യതയുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിയമ വകുപ്പിലെ 9390/എഡി 2 (2)/നിയമം/03 നമ്പർ ഫയൽ പി. ആന്റ് എ.ആർ.ഡി. വകുപ്പിൽ അയച്ചിരുന്നോ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly